പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1291

31/10/2019-ൽ മറുപടി നൽകേണ്ടിയിരുന്നതിന്റെ അന്തിമ മറുപടി

കെ-ടെറ്റ് പരീക്ഷയിലെ പാസ് മാർക്ക്

**ചോദ്യം**

ശ്രീ.അനൂപ് ജേക്കബ്:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി)

(എ) സംസ്ഥാനത്ത് നടത്തുന്ന കെ-ടെറ്റ് പരീക്ഷയിലെ പാസ് മാർക്ക് എത്ര ശതമാനമാണെന്ന് അറിയിക്കുമോ; കെ-ടെറ്റ് പരീക്ഷക്ക് തുല്യമായ സെറ്റ്, എം.എഡ്, എം.ഫിൽ തുടങ്ങിയ പരീക്ഷകൾക്ക് നിശ്ചയിച്ചിട്ടുള്ള പാസ് മാർക്ക് എത്ര ശതമാനമാണ്;

(എ) 15-03-2017 ലെ സ.ഉ (കൈ) നം.18/2017/പൊവിവ പ്രകാരം ജനറൽ കാറ്റഗറിക്ക് 60% (90 മാർക്ക്) ആയും എസ്.സി/എസ്.റ്റി/ഒ.ബി.സി/ഒ.ഇ.സി വിഭാഗങ്ങൾക്ക് കെ-ടെറ്റ് പാസാകുന്നതിന് മിനിമം മാർക്ക് 55% (82 മാർക്ക്) ആയും പി.എച്ച്. വിഭാഗങ്ങൾക്ക് 50% (75 മാർക്ക്) ആയും നിജപ്പെടുത്തിയിട്ടുണ്ട്.

സെറ്റിന് രണ്ട് പേപ്പറാണ് ഉള്ളത് ഇതിന് നിശ്ചയിച്ചിട്ടുള്ള പാസ്സ് മാർക്ക് ചുവടെ ചേർക്കുന്നു.

1). പൊതു വിഭാഗത്തിന് ഓരോ പേപ്പറിനും കുറഞ്ഞത് 40 മാർക്ക് വീതവും ആകെ 48% മാർക്കും നേടണം.

2). ഒ.ബി.സി നോൺ ക്രീമിലയർ വിഭാഗത്തിന് ഓരോ പേപ്പറിനും കുറഞ്ഞത് 35 മാർക്ക് വീതവും ആകെ 45% മാർക്കും നേടണം.

3). പി.എച്ച്/എസ്.സി/എസ്.റ്റി ക്ക് ഓരോ പേപ്പറിനും കുറഞ്ഞത് 35 മാർക്ക് വീതവും ആകെ 40% മാർക്കും നേടണം.

എം.എഡ്, എം.ഫിൽ തുടങ്ങിയ പരീക്ഷകൾക്ക് നിശ്ചയിച്ചിട്ടുള്ള പാസ്സ് മാർക്ക് സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| സർവ്വകലാശാല | എം.ഫിൽ | എം.എഡ് |
|---|---|---|
| കേരള സർവ്വ കലാശാല | 55.00% | 50.00% |
| എം.ജി.സർവ്വക | 50.00% | 50.00% |

| | | |
|---|---|---|
| ലാശാല | | |
| കണ്ണൂർ സർവ്വകലാശാല | 55.00% | 50.00% |
| ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | 55.00% | 50.00% |
| കാലിക്കറ്റ് സർവ്വകലാശാല | 5-6 UGC grade point | 50.00% |

| | |
|---|---|
| (ബി) കെ-ടെറ്റ് പരീക്ഷയിലെ ഉയർന്ന പാസ് മാർക്ക് നിബന്ധന നൂറുകണക്കിന് അധ്യാപകരെ ദോഷകരമായി ബാധിക്കുന്നത് കണക്കിലെടുത്ത് പ്രസ്തുത പരീക്ഷയുടെ പാസ് മാർക്ക് കെ-ടെറ്റിന് തത്തുല്യമായ സെറ്റ്, എം.എഡ്, എം.ഫിൽ തുടങ്ങിയ പരീക്ഷകൾക്ക് നിശ്ചയിച്ചിട്ടുള്ള പാസ് മാർക്കിന് സമാനമാക്കി പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ (NCTE) യെ ആണ്. ഈ സ്ഥാപനമാണ് അദ്ധ്യാപക യോഗ്യതാപരീക്ഷയുടെ (TET) പാസ് മാർക്ക് മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ മാറ്റം വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് സ്വമേധയാ സാധിക്കുന്നതല്ല. |

സെക്ഷൻ ഓഫീസർ